(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് അവരുടെ ഫണ്ടിൽനിന്നും 60.10 കോടി രൂപയുടെ നിക്ഷേപം നടത്തിയിട്ടുണ്ട്. ഐ.ആർ.ഇ.എൽ. കേന്ദ്ര പൊതുമേഖലാ സ്ഥാപനമാകയാൽ ഈ ചോദ്യം പ്രസ്തുത സ്ഥാപനത്തിന്റെ കാര്യത്തിൽ പ്രസക്തമല്ല.

കൈത്തറി ഉൽപ്പന്നങ്ങളുടെ റിബേറ്റ്

27 [3541] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്ന കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) വിൽപ്പനശാലകളിലൂടെ തുണിത്തരങ്ങൾ വിറ്റഴിക്കുമ്പോൾ റിബേറ്റ് നൽകാറുണ്ടോ;

(സി) ഉത്സവകാലങ്ങളിൽ വിൽപ്പനശാലകൾക്ക് നൽകുന്ന റിബേറ്റുകൾ എത്ര യാണെന്ന് വ്യക്തമാക്കുമോ;

(ഡി) നൽകിവരുന്ന റിബേറ്റുകൾ വർദ്ധിപ്പിച്ച് കൈത്തറിമേഖലയെ സഹായിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ പ്രവർത്തനക്ഷമമായ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾവഴിയും അവയുടെ വിൽപ്പന ശാലകളിലൂടെയും ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ വിൽപ്പനശാലകൾവഴിയും, സ്വകാര്യസ്ഥാപനങ്ങൾവഴിയും കൈത്തറി തുണിത്തരങ്ങൾ വിൽപ്പന നടത്തുന്നുണ്ട്.

(ബി) ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ വിൽപ്പനശാലകൾ വഴിയുള്ള വിൽപ്പനയ്ക്ക് ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകാറുണ്ട്. പ്രാഥമിക സഹകരണസംഘങ്ങൾക്ക് ഹാൻഡ്ലൂം ഡയറക്ടറുടെ മുൻകൂർ അനുമതിയോടെ സംഘടിപ്പിക്കുന്ന പ്രദർശന വിൽപ്പന മേളകളിൽക്കൂടെ നടത്തുന്ന വിൽപ്പനയ്ക്ക് മാത്രമേ റിബേറ്റ് അനുവദിക്കുകയുള്ളൂ.

(സി) 2005-ൽ വൃശ്ചികത്തിന് 7 ദിവസവും ഓണത്തിന് 20 ദിവസവും റംസാൻ/ദീപാവലിക്ക് 5 ദിവസവും ക്രിസ്തുമസിന് 5 ദിവസവും 20% റിബേറ്റ് നൽകുവാൻ ഉത്തരവായിട്ടുണ്ട്.

(ഡി) റിബേറ്റ് തുക വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly